കേരള എക്സൈസ് വകുപ്പ്

"മാതൃഭാഷ-മലയാളം"

EXC/2938/2026-VIMUKTHI1

എക്സൈസ് കമ്മീഷണറുടെ കാര്യാലയം

തിരുവനന്തപുരം,

തീയതി: 10-11-2026

ഇ-മെയിൽ : cru.excise@kerala.gov.in

ഫോൺ::0471-2322825

താൽപര്യ പത്രം

വിമുക്തി മിഷൻ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി ഉപയോഗം തടയുന്നതിനും ബോധവൽക്കരിക്കുന്നതിനും താൽപര്യ പത്രം ക്ഷണിക്കുന്നു. പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ ജില്ലകളിൽ നിലവിലുള്ള പി.ഡബ്ല്യു.ഡി നിയമങ്ങൾക്കും കോടതി ഉത്തരവുകൾക്കും വിധേയമായി പരസ്യ ബോർഡുകൾ സ്വന്തം ചെലവിൽ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് താല്പര്യമുള്ള വ്യക്തികളുടെയും / സ്ഥാപനങ്ങളുടെയും താൽപര്യപത്രമാണ് സമർപ്പിക്കേണ്ടത്.

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി എക്സൈസ് വകുപ്പ് /വിമുക്തി മിഷൻ ഏർപ്പെടുത്തിയിട്ടുള്ള ഡീ - അഡിക്ഷൻ സൗകര്യങ്ങൾ, കൗൺസിലിംഗ് സേവനങ്ങൾ, ടോൾഫ്രീ നമ്പരുകൾ, പരാതികൾ അറിയിക്കുന്നതിനുള്ള നമ്പരുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പരസ്യ ബോർഡുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിലൂടെ ലഹരിവിരുദ്ധ ആശയങ്ങളും, വിമുക്തി മിഷൻ പ്രവർത്തനങ്ങളും കൂടുതൽ ജനകീയമാക്കുന്നതിനും, സമൂഹത്തിന്റെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനും സാധിക്കുന്നതാണ്.

നിലവിലുള്ള പി.ഡബ്ല്യു.ഡി നിയമങ്ങൾക്കും കോടതി ഉത്തരവുകൾക്കും വിധേയമായി

പരസ്യ ബോർഡുകൾ സ്വന്തം ചെലവിൽ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനായി താല്പര്യമുള്ള വ്യകതികളുടെയും സ്ഥാപനങ്ങളുടെയും താൽപര്യപത്രം ക്ഷണിച്ചു കൊള്ളുന്നു.

നിബന്ധനകൾ

- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 30.11.2026 വൈകുന്നേരം 5.00 മണി വരെ.
- അപേക്ഷ നേരിട്ടോ, തപാലിലോ ഇ-മെയിൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. ഇ-മെയിൽ - jecapc.exc@kerala.gov.in, cruexcise@kerala.gov.in, jecapckerala1@gmail.com.
- യാതൊരു കാരണവും ബോധിപ്പിക്കാതെ അപേക്ഷ ഭാഗികമായോ പൂർണ്ണമായോ നിരസിക്കാനുള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.
- കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഓഫീസുമായി നേരിട്ടോ, ഫോൺ വഴിയോ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

Digitally signed by JAYASANKAR R IPS
Date: 10-11-2026 17:31:04

JAYASANKAR R

ADDITIONAL EXCISE COMMISSIONER (ENFORCEMENT)

(എക്സൈസ് കമ്മീഷണറുടെ അധികച്ചുമതല)

പകർപ്പ് :1. ഐ.റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2. നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്.

3. ഉത്തരവ് ഫയൽ/കരുതൽ ഫയൽ